(ബി) എങ്കിൽ ഇതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(സി) അഡീഷണൽ ശാഖയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഓഫീസ് പ്രവർത്തനം നടക്കുന്നതിന് ലഭ്യമായ കെട്ടിടത്തിൽ വേണ്ടുന്ന നിർമ്മാണ പ്രവർത്തനം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(സി) താമസംവിനാ പ്രവർത്തനം ആരംഭിക്കുന്നതാണ്.

കോളേജ് അദ്ധ്യാപകരുടെ പെൻഷൻ ഏകീകരണം

181 (4535) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-1-1986-നു ശേഷം ജോലിയിൽ നിന്നു വിരമിച്ചിട്ടുള്ള കോളേജ് അദ്ധ്യാപകർക്കു കൂടി ഒരേ റാങ്ക് ഒരേ പെൻഷൻ ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) 1-1-1986-ലും 1-1-1996 ലും വിരമിച്ച ഓരോ കോളേജ് അദ്ധ്യാപകർക്കും ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന സർവ്വീസ് പെൻഷനിലെ അന്തരം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഈ വ്യത്യാസങ്ങൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ വിഭാഗം കോളേജ് അദ്ധ്യാപകർക്ക് 24-5-2010 -ലെ സ.ഉ.(പി). നം.299/10/ധന. പ്രകാരം, ഒരേ റാങ്ക് ഒരേ പെൻഷൻ ലഭിക്കത്തക്ക രീതിയിൽ പെൻഷൻ പരിഷ്ക്കരിച്ചിട്ടുണ്ട്.

(ബി & സി) 1-1-1986 ലും 1-1-1996 ലും വിരമിച്ച കോളേജ് അദ്ധ്യാപകർ തമ്മിൽ 24-5-2010 -ലെ സ.ഉ.(പി).നം.299/10/ധന. പ്രകാരമുള്ള പെൻഷൻ പരിഷ്ക്കരണംമൂലം ഒരേ സേവനകാലമുള്ളവർ തമ്മിൽ ഇപ്പോൾ പെൻഷനിൽ അന്തരമില്ല. 1-1-2006 മുതൽ കോളേജ് അദ്ധ്യാപകരുടെ ശമ്പളം 27-3-2010 -ലെ സ.ഉ.(പി).നം.58/2010/ഹയർ. എഡ്യു. പ്രകാരം പരിഷ്ക്കരിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള പെൻഷൻ പരിഷ്ക്കരണം നടപ്പിലാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly